(ബി) എന്തെല്ലാം നിർവ്വഹണങ്ങൾക്ക് വേണ്ടിയിട്ടുള്ളതായിരുന്നു പ്രസ്തുത ഹെഡ്ഡുകളിലെ വിഹിതം;

(സി) ആരോഗ്യ വകുപ്പിന്റെ എല്ലാ ഹെഡ്ഡുകളിലുംകൂടി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക മൊത്തം എത്രയായിരുന്നു; അതിൽ ഇതിനകം പിൻവലിച്ച തുക എത്ര; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതിനകം പിൻവലിക്കുകയുണ്ടായി?

ഉത്തരം

(എ&ബി) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

(സി) ആരോഗ്യ വകുപ്പിന്റെ വിവിധ ഹെഡ്ഡുകളിലായി വിവിധ പദ്ധതി നിർവ്വഹണങ്ങൾക്ക് ലഭിച്ചതും ചെലവാക്കിയതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

സർക്കാർ ആശുപത്രികളിലെ സ്കാനിംഗ് യൂണിറ്റുകൾ

76(776) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിൽ സ്കാനിംഗ് യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ലെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്കാനിംഗ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അടിക്കടി ഇപ്രകാരം സ്കാനിംഗ് യൂണിറ്റുകൾ കേടാകുന്നതിന് സ്വകാര്യ ആശുപത്രികളെയും സ്കാനിംഗ് സെന്ററുകളെയും സംശയിക്കേണ്ടതാണ് എന്ന മാധ്യമ വാർത്തയിൽ വാസ്തവമുണ്ടോ; ഉവ്വെങ്കിൽ ഇക്കാര്യത്തിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്കാനിംഗ് യൂണിറ്റുകളുടെ പ്രവർത്തനം 2015 വർഷത്തിൽ താഴെ പറയും പ്രകാരമാണ്.

1. എം.ആർ.ഐ. സ്കാൻ - 95 %-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.
2. എം.ഡി.സി.റ്റി. സ്കാൻ-95 %-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. എക്സ്റേ അൾട്രാ സൗണ്ട് സ്കാൻ - 95%-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.ഇതിൽനിന്നും സ്കാനിംഗ് യൂണിറ്റുകൾ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചുവെന്നുള്ളത് വ്യക്തമാണ്. ഇക്കാര്യത്തിലുള്ള മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധമാണ്.

സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

77(777) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെ അലോപ്പതി വിഭാഗത്തിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; ഇവയിൽ എത്ര ആശുപത്രികളിൽ ലാബ് സൗകര്യവും ജീവനക്കാരുമുണ്ട് ; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ ഇവിടെയെത്തുന്ന രോഗികളിൽ 70 ശതമാനത്തിലേറെ പേർ സ്വകാര്യ ലാബുകളെ സമീപിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പകർച്ചവ്യാധികളാലും മറ്റ് രോഗങ്ങളാലും വിഷമിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ പരിശോധനാ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ലാബുകൾക്ക് കൃത്യമായ ഫീസ് നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സ്വകാര്യ ലാബുകൾ രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നതും ഒരേ പരിശോധന ഒരേ രോഗി പല ലാബുകളിൽ നടത്തിയാൽ പല റിസൽട്ട് ലഭിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് സ്വകാര്യ ലാബുകളെ സഹായിക്കുവാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന എട്ട് സർക്കാർ മെഡിക്കൽ കോളേജുകളോടും അനുബന്ധിച്ച് ലാബ് സൗകര്യവും ആവശ്യമായ ജീവനക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly